# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6396** **10-07-2024 - ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരം ജില്ലയിലെ ഫിഷ് മാർട്ടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ മത്സ്യഫെഡ് ആരംഭിച്ച ഫിഷ് മാർട്ടുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് അറിയിക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ പാളയം, വികാസ് ഭവൻ, ആനയറ എന്നീ സ്ഥലങ്ങളിൽ ഫിഷ് മാർട്ടുകൾ പ്രവർത്തിച്ചുവരുന്നു |
| (ബി) | ഗുണനിലവാരമുള്ള മത്സ്യം ഫിഷ് മാർട്ടുകളിലൂടെ വിപണനം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് മത്സ്യഫെഡ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഗുണനിലവാരമുള്ള മത്സ്യം ന്യായമായ വിലയ്ക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടു കൂടി സംസ്ഥാന സർക്കാർ ധനസഹായത്തോടുകൂടി സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി മത്സ്യഫെഡ് നേരിട്ടും സഹകരണ സംഘങ്ങളും/ ബാങ്കുകളുമായി സഹകരിച്ചും 110 ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി 15 അന്തിപ്പച്ച ഫിഷറ്റേറിയൻ യൂണിറ്റുകളും (സഞ്ചരിക്കുന്ന മത്സ്യ വിപണനശാല) പ്രവർത്തിച്ചുവരുന്നു. കൂടാതെ മത്സ്യബന്ധന കേന്ദ്രങ്ങളിൽ നിന്നും നേരിട്ടും, മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നും മത്സ്യം ശേഖരിച്ച് അവ സംഭരിച്ച് മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ, ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ, അന്തിപ്പച്ച യൂണിറ്റുകൾ, വിവിധ സർക്കാർ സ്ഥാപനങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ടുകൾ, ജയിലുകൾ എന്നിവിടങ്ങളിലേയ്ക്ക് വിതരണം ചെയ്തുവരുന്നു. |
| (സി) | സംസ്ഥാനത്ത് പ്രവർത്തനം നിലച്ചുപോയ ഫിഷ് മാർട്ടുകൾ എത്രയെണ്ണമുണ്ടെന്നും അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും പോരായ്മകൾ പരിഹരിച്ച് കൂടുതൽ ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് നിലവിൽ 24 ഫിഷ് മാർട്ടുകൾ നഷ്ടം കാരണം പ്രവർത്തന രഹിതമായിട്ടുണ്ട്. നിലവിലെ പോരായ്മകൾ പരിഹരിച്ച് എല്ലാ നിയോജക മണ്ഡലങ്ങളിലും ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ